## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ. മുരളീധരൻ)

തിരുവനന്തപുരം

നമ്പർ. 11788/2019/ഇ2/ഡിപി — തീയതി. 03.07.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ശ്രീ.എൻ.പി. മധു, രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് - അന്തർജില്ലാ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 30.05.2019-ലെ ഇതേ നമ്പർ ഉത്തരവ്.

2. മലപ്പുറം ജില്ലാ ഫാറം സ്റ്റോറിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായ ശ്രീ.എൻ.പി.മധുവിന്റെ 18.06.2019-ലെ അപേക്ഷ.

## *ഉത്തരവ്*

അച്ചടി വകുപ്പിന്റെ കീഴിലുള്ള എറണാകുളം ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സിമി തോമസ് എയ്ഡഡ് സ്കൂളിൽ പുതിയ നിയമനം സ്വീകരിക്കുന്നതിനായി ഈ വകുപ്പിൽ നിന്നും രാജി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31.05.2019 അപരാഹ്നത്തിൽ ഈ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. ആയതിനാൽ എറണാകുളം ഗവൺമെന്റ് പ്രസ്സിൽ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റിന്റെ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് മലപ്പുറം ജില്ലാ ഫാറം സ്റ്റോറിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായ ശ്രീ.എൻ.പി.മധു അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലാ ഫാറം സ്റ്റോറിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായ ശ്രീ.എൻ.പി.മധുവിന് കെ.എസ്. & എസ്. എസ്.ആർ ചട്ടം 27 (a) കുറിപ്പ് (2) ന്റെ വ്യവസ്ഥകൾക്ക് വിധേയമായി എറണാകുളം ഗവൺമെന്റ് പ്രസ്സിലെ നിലവിലുള്ള രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു. ഇപ്രകാരം സ്ഥലംമാറ്റം നൽകുമ്പോൾ ശ്രീ.എൻ.പി.മധു പ്രസ്തുത തസ്തികയിൽ സീനിയോറിറ്റിയിൽ ഏറ്റവും ജൂനിയർ ആയിരിക്കുന്നതും ടിയാൻ പുതിയ ജില്ലയിൽ ടി തസ്തികയിലെ പരിവീക്ഷ പുതുതായി ആരംഭിച്ചു പൂർത്തിയാക്കേണ്ടതുമാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്.
അച്ചടി വകുപ്പ് ഡയറ്കടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, എറണാകുളം./
ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, മലപ്പുറം./
സീനിയർ സൂപ്രണ്ട്./ഓഫീസർ ഇൻ-ചാർജ്ജ് സ്പെഷ്യൽ സെൽ./
ജൂനിയർ സൂപ്രണ്ട്.ഇ1./കണ്ടന്റ് മാനേജ്മെന്റ്./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.